**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1609** **11-10-2024 - ൽ മറുപടിയ്ക്ക്**

**പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തു നടപടി സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; | (എ) | കാർഷിക വികസന കർഷക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പച്ചക്കറി വികസന പദ്ധതിയിൽ ഒരു മുഖ്യഘടകമായി ഉൾപ്പെടുത്തി സംസ്ഥാനത്ത് വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ചു വരുന്നു. പ്രസ്തുത പദ്ധതി ഘടകപ്രകാരം വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി, 10 കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് 3 മുതൽ 5 വരെ ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1 – 1.25 ലക്ഷം രൂപ വരെ ധനസഹായം നൽകി വരുന്നു. കൂടാതെ ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/- രൂപയും, പന്തൽ ആവശ്യമില്ലാത്തതിന് 20,000/- രൂപ വരെ ധനസഹായം നൽകുന്നു.<br><br>ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 30,000/- രൂപ ധനസഹായം നൽകുന്നു. പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ പ്രോത്സാഹനത്തിനായി ഹെക്ടറൊന്നിന് 10,000/- രൂപ ധനസഹായം നൽകുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. കർഷകർക്ക് കൃഷി സംബന്ധമായി പരിശീലനപരിപാടികളും ടി പദ്ധതി ഘടകത്തിലൂടെ നൽകി വരുന്നുണ്ട്. കൂടാതെ തുറസ്സായ സ്ഥലത്തെ കൃത്യത കൃഷി നടപ്പിലാക്കുന്നതിനായി ഒരു ഹെക്ടറിന് 1 ലക്ഷം രൂപ ധനസഹായം നൽകി 203 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നു.<br><br>വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുവാൻ തയ്യാറായി വരുന്ന കർഷകർക്ക് ആവശ്യമായ കൃഷി ഭൂമി ലഭ്യമാക്കുവാൻ പുതുതായി ആരംഭിച്ച 'നവോത്ഥാൻ പദ്ധതി' വഴി സാദ്ധ്യമാകും . കൃഷി ഭൂമിയുടെ ഉടമസ്ഥരും കർഷകരും തമ്മിലുള്ള ഉഭയ |

കക്ഷി കരാർ പ്രകാരമായിരിക്കും പദ്ധതി നടപ്പാക്കുക. വി.എഫ്.പി.സി.കെ. മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

കാലാവസ്ഥാ അനുയോജ്യ കൃഷി മുറകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഹൈഡ്രോജെൽ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ഗ്രാഫ്റ്റഡ് പച്ചക്കറി തൈകൾ ലഭ്യമാക്കുന്നതിനും ധനസഹായം നൽകുന്നു.

മണ്ണിന്റെ ആരോഗ്യം ഉറപ്പാക്കി പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും മണ്ണ് പരിശോധന നടത്തുന്നതിനും അതിൻപ്രകാരം ആവശ്യമായ ദ്വിതീയ മൂലകങ്ങൾ, സൂക്ഷ്മമൂലകങ്ങൾ, ഡോളോമൈറ്റ്, ബയോഫെർട്ടിലൈസറുകൾ, കായീച്ചകെണികൾ എന്നിവ 720 ഹെക്ടറിലേക്ക് ലഭ്യമാക്കുന്നതിനും പദ്ധതിയിൽ ആനുകൂല്യം നൽകുന്നു.

ശാസ്ത്രീയമായ ആവശ്യകതയ്ക്കനുസരിച്ച് നിർദ്ദേശിക്കുന്ന ഗുണമേന്മയുള്ള ഉൽപാദനോപാധികൾ 20% സബ്സിഡിയോടെ കൗൺസിലിന്റെ കൃഷി ബിസിനസ്സ് കേന്ദ്രകൾ, ഇൻപുട്ട് സെന്ററുകൾ, വിത്തുൽപാദനകേന്ദ്രം, ഹൈടെക് പ്ലഗ്ഗ് നേഴ്സറി എന്നിവിടങ്ങളിൽ നിന്നും കർഷകർക്ക് ലഭ്യമാക്കുന്നതിനും പദ്ധതി സഹായം ഉറപ്പുവരുത്തുന്നു.

പച്ചക്കറി ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് പച്ചക്കറി തൈകൾ ഉൽപാദിപ്പിക്കുന്നതിനും കർഷകർക്ക് സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള ധനസഹായം നൽകി വരുന്നു.

ഹൈബ്രിഡ് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹൈബ്രിഡ് പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ ലഭ്യമാക്കുന്നതിനും അത്യുൽപാദനശേഷിയുള്ള പച്ചക്കറി വിത്തുകൾ ലഭ്യമാക്കുന്നതിനും പദ്ധതിയിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

ജൈവപച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മണ്ണിന്റെ ഫലഭൂയിഷ്ഠിത വർദ്ധിപ്പിക്കുന്നതിനാവശ്യമായ പച്ചിലവള ചെടികൾ, ജീവാണുവളം, ഫോസ്ഫേറ്റ് ജൈവവളം (PROM), ബയോപൊട്ടാഷ്, വേസ്റ്റ് ഡീകമ്പോസർ, കായീച്ചകെണികൾ, EM കമ്പോസ്റ്റിംഗ് എന്നിവയുടെ

ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതിയിലൂടെ ധനസഹായം നൽകി വരുന്നു.

ലളിതവും സുതാര്യവുമായ വ്യവസ്ഥയിൽ കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ ബാങ്കിൽ നിന്നും വായ്പ സഹായം ലഭ്യമാക്കുന്നതിനും കൃത്യമായി പുതുക്കുന്നവർക്ക് 2% പലിശ സബ്സിഡി ലഭ്യമാക്കുന്നതിനും പദ്ധതിയിൽ ലക്ഷ്യമിടുന്നു.

കർഷർക്ക് സാമൂഹിക സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി ലഭ്യമാക്കുന്നതിനുള്ള ധനസഹായം നൽകി വരുന്നു.

സ്വാശ്രയ കർഷക സമിതികളിൽ വിറ്റഴിക്കുന്ന ഉൽപ്പന്നങ്ങൾക്ക് 1 രൂപ/കിലോ എന്ന നിരക്കിൽ 4000 മെട്രിക് ടൺ ഉൽപ്പന്നങ്ങൾക്ക് ഉൽപാദനബോണസ് നൽകി വരുന്നു.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സങ്കര ഇനം പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടർ ഒന്നിന് 20000 രൂപ എന്ന നിരക്കിൽ ധനസഹായം നൽകി വരുന്നുണ്ട്. 2024- 25 സാമ്പത്തിക വർഷത്തിൽ 1231 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.

അത്യുല്പാദന ശേഷിയുള്ള പച്ചക്കറി വിത്തുകളുടെ ഉത്പാദനം (1 ഹെക്ടറിന് 1.5 ലക്ഷം രൂപ), വിവിധയിനം പച്ചക്കറി വിളകളുടെ വിത്തുകൾ ഓപ്പൺ പൊളിനേറ്റഡ് രീതിയിലുള്ള ഉത്പാദനം (1 ഹെക്ടറിന് 35000 രൂപ) തുടങ്ങിയവയ്ക്ക് ധനസഹായം നൽകി വരുന്നു. 2024-25 വാർഷിക പദ്ധതിയിൽ അത്യുല്പാദന ശേഷിയുള്ള പച്ചക്കറി വിത്തുകൾ ഉത്പാദിപ്പിക്കുന്നതിനായി 15 ലക്ഷം രൂപയും, പച്ചക്കറി വിളകളുടെ വിത്തുകൾ ഓപ്പൺ പൊളിനേറ്റഡ് രീതിയിൽ ഉത്പാദിപ്പിക്കുന്നതിനായി 105 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. സങ്കരയിനം പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറൊന്നിന് 20,000/- രൂപ എന്ന നിരക്കിൽ ധനസഹായംനൽകി വരുന്നുണ്ട്. പച്ചക്കറിയുടെ സംരക്ഷിതകൃഷിയ്ക്കായി നാച്ചുറലി വെന്റിലേറ്റഡ് ഗ്രീൻഹൗസ് സ്ഥാപിക്കുന്നതിന് ചതുരശ്ര മീറ്ററിന് 530 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. കൂടാതെ പച്ചക്കറി വിത്തുല്പാദനം, വിപണികളുടെ അടിസ്ഥാന

| | | | |
|---|---|---|---|
| | | | സൗകര്യവികസനം എന്നീ പദ്ധതി ഘടകങ്ങളും നടപ്പിലാക്കി വരുന്നു.<br><br>2024-25 സാമ്പത്തിക വർഷം 1262.96 ഹെക്ടറിൽ സങ്കരയിനം പച്ചക്കറി കൃഷി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. രാഷ്ട്രീയ കൃഷി വികാസ് യോജന 2022-23 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പച്ചക്കറിയുടെ തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷിയ്ക്ക് ഹെക്ടറൊന്നിന് 91,000/- രൂപ എന്ന നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്. 2024-25 സാമ്പത്തിക വർഷം 625.941 ഹെക്ടറിൽ പച്ചക്കറിയുടെ കൃത്യതാകൃഷി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.<br><br>മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) പദ്ധതിയിലെ സംരക്ഷിത കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി നാചറലി വെന്റിലേറ്റഡ് ട്യൂബുലാർ സ്ട്രക്ച്ചർ സ്ഥാപിക്കുന്നതിന് ഒരു ഗുണഭോക്താവിന് പരമാവധി 4000 ച.മി. ന് സമതല പ്രദേശങ്ങളിൽ 530/- രൂപയും മലയോര പ്രദേശങ്ങളിൽ 610/- രൂപയും പ്ലാസ്റ്റിക് പുതയിടലിന് ഒരു ഗുണഭോക്താവിന് പരമാവധി 2 ഹെക്ടർ സ്ഥലത്തേക്ക് സമതല പ്രദേശങ്ങളിൽ ഹെക്ടറിന് 1600/- രൂപയും മലയോര പ്രദേശങ്ങളിൽ 18400/- രൂപയും, ട്യൂബുലാർ തണൽ വല സ്ഥാപിക്കുന്നതിന് ഒരു ഗുണഭോക്താവിന് പരമാവധി 4000 ച.മി. ധനസഹായം നൽകുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ഉല്പാദനം വർദ്ധിച്ചിട്ടുണ്ടെങ്കിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള കൃഷി ഉല്പന്നങ്ങളുടെ ഇറക്കുമതിയിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | 'പച്ചക്കറി വികസന പദ്ധതി', 'പോഷക സമൃദ്ധി മിഷൻ', കൃഷി സമൃദ്ധി തുടങ്ങിയ പദ്ധതികൾ വിജയകരമായി നടപ്പിലാക്കി വരുന്നതിലൂടെ സംസ്ഥാനത്തെ പച്ചക്കറി വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പച്ചക്കറി വികസന പദ്ധതി, വി.എഫ്.പി.സി.കെ. പദ്ധതികൾ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ, ജനകീയാസൂത്രണ പദ്ധതികൾ എന്നിവ ഫലപ്രദമായി സംയോജിപ്പിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലൂടെ പച്ചക്കറി വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>മേൽ പദ്ധതികളിലൂടെ 2023-24 സാമ്പത്തിക വർഷത്തിൽ 1.15 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിക്കുന്നതിനും അതിലൂടെ 17.21 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ ഉല്പാദിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പച്ചക്കറി ഉല്പാദനം വർദ്ധിച്ചതിലൂടെ ഇറക്കുമതിയിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ അധിക ഉല്പാദനമുള്ള പാവൽ, പയർ, മത്തൻ, തടിയൻ (കുമ്പളം) , പടവലം, വെള്ളരി, ഇഞ്ചി, ചേന, നേന്ത്രൻ എന്നീ പച്ചക്കറികൾ അന്യസംസ്ഥാനത്ത് നിന്ന് ഇറക്കുമതി ചെയ്യുന്നതിന്റെ തോത് ഗണ്യമായി കുറവ് വന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു |

സെക്ഷൻ ഓഫീസർ